# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: *596 — **28-10-2016 ൽ മറുപടിയ്ക്ക്**

## ആത്മ പദ്ധതി

**ചോദ്യം**
ശ്രീ.കെ.എം.ഷാജി
,, എൻ. ഷംസുദ്ദീൻ
,, പി.ബി. അബ്ദുൽ റസ്സാക്ക്
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'ആത്മ' പദ്ധതി നടപ്പാക്കിയ ശേഷം വിവിധ വകുപ്പുകളുടെ ഏകോപനം മൂലം കൃഷി അനുബന്ധ മേഖലയിൽ ഉണ്ടായ മാറ്റത്തെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | വിലയിരുത്തൽ നടത്തിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ ഐ.ആർ.എം.എ. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് ആനന്ദ്) വഴിയും, 2013-14, 2014-15 സാമ്പത്തിക വർഷത്തിൽ സി.എം.ഡി. (സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ്) വഴിയും വിലയിരുത്തൽ നടത്തിയിട്ടുണ്ട്. 2015-16 -ലെ റിപ്പോർട്ടും സി.എം.ഡി. തയ്യാറാക്കി വരുന്നു.<br>'ആത്മ' വഴി നടപ്പാക്കിയ പരിശീലന പരിപാടികളും പഠന യാത്രകളും പ്രദർശന തോട്ടങ്ങളും ഫാം സ്കൂളുകളും വഴി കൃഷി അനുബന്ധ മേഖലകളിലെ നൂതന വിദ്യകളും ആശയങ്ങളും കർഷകർക്ക് സ്വായത്തമാക്കാനും അതവരുടെ കൃഷിയിടങ്ങളിൽ പ്രാവർത്തികമാക്കാനും സാധിച്ചിട്ടുണ്ട്. ഫാം സ്കൂളുകൾ വഴി കർഷകരുടെ അറിവു വർദ്ധിച്ചതായും, പ്രദർശന തോട്ടങ്ങൾ വഴി വിളകളുടെ വിളവ് കൂട്ടാനും സാധിച്ചു എന്നാണ് പഠനം തെളിയിക്കുന്നത്. ആത്മ പദ്ധതിയുടെ നടത്തിപ്പു വഴി ക്ഷീര മേഖലയിലും മൃഗ സംരക്ഷണ മേഖലയിലും മത്സ്യ കൃഷി മേഖലയിലുമെല്ലാം കർഷകരുടെ വരുമാന വർദ്ധന, ഉണ്ടാകുന്നതിനും, അവരുടെ സാമൂഹ്യ നിലവാരത്തിന്റെ ഉന്നമനത്തിനും, നൂതന കാർഷിക സാങ്കേതിക വിദ്യകളുടെ വ്യാപനത്തിനും സാധിച്ചിട്ടുണ്ട്. മേൽ പദ്ധതി നടപ്പാക്കിയശേഷം കൃഷി അനുബന്ധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം വഴി |

| | | | |
|---|---|---|---|
| | | | കർഷകർക്ക് അവരുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾക്കായി വിവിധ വകുപ്പുകളുമായി ബന്ധപ്പെടേണ്ടി വരുന്നതുമില്ല. |
| (ബി) | ജില്ലാ 'ആത്മ' സൊസൈറ്റികൾ ഇക്കാര്യത്തിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിവരിക്കുമോ; | (ബി) | ജില്ലാ 'ആത്മ' സൊസൈറ്റികൾ കർഷകർക്ക് കൃഷി അനുബന്ധ മേഖലകളിൽ പരിശീലന പരിപാടികളും ഫാം സ്കൂളുകളും മറ്റും നടത്തി വരുന്നു. സംയോജിത കൃഷി രീതിയിലുള്ള ക്ലാസ്സുകളും പരിശീലനങ്ങളും വഴി കർഷകരുടെ അറിവ് വർദ്ധിപ്പിക്കുവാനുമുള്ള കൃഷിയിടം പരമാവധി പ്രയോജനപ്പെടുത്തുവാനും അതുവഴി സാമ്പത്തിക ഭദ്രത കൂട്ടുവാനും സാധിച്ചിട്ടുണ്ട്. അതാത് ജില്ലകളിലെ ആത്മ പദ്ധതികൾ കൊണ്ടുള്ള നേട്ടങ്ങൾ ക്രോഡീകരിച്ചു കൊണ്ട് വാർഷിക ടെക്നിക്കൽ റിപ്പോർട്ടുകൾ ജില്ലാ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജില്ലയ്ക്കകത്തും പുറത്തും, സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഒട്ടേറെ ഗവേഷണ സ്ഥാപനങ്ങളും മാതൃകാ തോട്ടങ്ങളും സന്ദർശിക്കുന്നതിനുള്ള അവസരം കർഷകർക്ക് ലഭ്യമാകുന്നു. നൂതന സാങ്കേതിക വിദ്യകൾ അവരുടെ കൃഷിയിടങ്ങളിൽ പ്രാവർത്തികമാക്കുന്നതിന് സഹായിക്കുന്നു. ആത്മ പ്രവർത്തനങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് കൃഷി മൃഗസംരക്ഷണ അനുബന്ധ മേഖലകളിലെ ഏറ്റവും മികച്ച കർഷകരിൽ നിന്നും തിരഞ്ഞെടുത്ത കർഷകരുടെ വിജയഗാഥകൾ, അവരുടെ കാർഷിക പ്രവർത്തന രീതികൾ, അനുകരിക്കാവുന്ന മാതൃകകൾ എന്നിവ ആത്മ, ആത്മപ്ലസ് പദ്ധതികൾ വഴി ജില്ലകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പ്രസിദ്ധീകരണങ്ങൾ ഈ മേഖലയിലേക്ക് വരുന്നവർക്ക് പ്രചോദനമാകുന്നു എന്നതിനോടൊപ്പം കൂടുതൽ ആളുകളെ കൃഷി അനുബന്ധ മേഖലകളിലേക്ക് ആകർഷിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു.<br>ആത്മ ഇന്നോവേറ്റീവ് ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തി വിജയകരമാക്കിയ പ്രവർത്തനങ്ങളിൽ ചിലതാണ് തൃശ്ശൂർ ജില്ലയിലെ ഹരിത സാന്ത്വനം, ഹരിത സ്പർശം, ഹരിത ലാളനം, ക്ഷീര വിസ്മയം, സേവന ഹരിതം മുതലായവ. പടിഞ്ഞാറേക്കോട്ടയിലെ ഗവൺമെന്റ് മെന്റൽ ഹെൽത്ത് സെന്ററിലെ രോഗികൾക്കും തൃശ്ശൂർ എടമുറ്റം ആൽഫാ പെയിൻ ക്ലിനിക്, പാലിയേറ്റീവ് കെയർ ഹോസ്പിറ്റലിലെ രോഗികൾക്കും കാർഷിക പ്രവർത്തനങ്ങളിലൂടെ ആശ്വാസമേകുക എന്നതായിരുന്നു ഹരിത സാന്ത്വനത്തിന്റെ ഉദ്ദേശം. കൊരട്ടി ഗവൺമെന്റ് കുഷ്ഠരോഗ ആശുപത്രിയിൽ നടപ്പിലാക്കിയ പദ്ധതിയാണ് ഹരിത സ്പർശം. |

| | | | |
|---|---|---|---|
| | | | അനാഥരായ കുട്ടികളെ പാർപ്പിക്കുന്ന എസ്.ഒ.എസ് കുട്ടികളുടെ ഗ്രാമത്തിൽ നടപ്പിലാക്കിയതാണ് ഹരിത ലാളനം പദ്ധതി. വിയ്യൂർ ജയിലിൽ നടപ്പിലാക്കിയ ക്ഷീര വിസ്മയം പദ്ധതിയിലൂടെ ശാസ്ത്രീയമായ രീതിയിൽ തീറ്റപ്പുൽ വളർത്തൽ, സൈലേജ് നിർമ്മാണം എന്നിവയും പ്രാവർത്തികമാക്കിയിട്ടുണ്ട്. |
| (സി) | നൂതന സാങ്കേതിക വിദ്യകളുടെ തള്ളിക്കയറ്റത്തിൽ പരമ്പരാഗത കൃഷി രീതികൾ അന്യം നിന്നു പോകാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കുമോ; വിശദമാക്കുമോ? | (സി) | നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനോടൊപ്പം പരമ്പരാഗത രീതികൾ നഷ്ടപ്പെടാതിരിക്കുന്നതിനും ആത്മയിൽ പ്രാധാന്യം നൽകുന്നുണ്ട്. ആത്മ വഴി നടപ്പിലാക്കുന്ന പരിശീലന പരിപാടികളിലും പ്രദർശന തോട്ടങ്ങളിലും പരമ്പരാഗത കൃഷി രീതികളെ കുറിച്ചും പരമ്പരാഗത ഇനങ്ങളെക്കുറിച്ചുമുള്ള ഒരു അവബോധം നൽകുന്നതാണ്. പരമ്പരാഗത കൃഷി രീതികൾ പിൻതുടരുന്ന കർഷകരുടെ കൃഷിയിടങ്ങൾ ഫാം സ്കൂളുകളായി തിരഞ്ഞെടുത്ത് മറ്റു കർഷകർക്കും ഇവയെക്കുറിച്ച് പഠിക്കാനുള്ള ഒരു അവസരവും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ